UNIVERSITY OF CALICUT

No. 39879/FIN-CC1-ASST-1/2021/Fin University of Calicut,Dated: 04.12.2021

**CIRCULAR**

Sub:- Sub:- GPAIS 2022 - Renewal - Remittance of Premium - Submission of Nomination - Reg.

Ref :- 1. GO(P) No. 616/10/Fin dated 23.11.2010.
2. GO(P) No. 153/2021/Fin dated 23/11/2021.
3. U.O.No. 18793/2021/Admn Dated, , 29.11.2021.
4. University circular No . 51580/FinD2/2019/Fin dated 25.11.2019.

1. As per the reference cited first, the Group Personal Accident Insurance Scheme (GPAIS) had been introduced in the University for the employees/teachers from the year 2011. As per the reference cited second, Goverment of Kerala have decided to extend the Scheme for the year 2022 also and the same is implemented in the University, vide reference cited third.
2. It is mandatory for all employees/teachers of the University of Calicut to enroll the GPAIS.
3. The single premium of GPAIS is Rs. 500/- (Rupees five hundred only) + GST @18 % for University employees who are the subscribers of SLI and GIS and are governed by the provisions of the KSR. The sum assured will be Rs. 10 Lakhs. The amount of premium will be deducted from the salary of the employees/teachers for the month of November 2021.
4. As per the reference cited fourth, all the employees and teachers below the age of 50 have to suscribe both the SLI (State Life Insurance) and GIS (Group Insurance Scheme) schemes under the State insurance Department for getting the benefits of GPAI (Group Personal Accident Insurance) Scheme. Therefore, no deductions will be made from the salary towards the GPAIS subscription of those employees who are not the suscribers of SLI and GI Schemes.
5. All the Employees below the age of 50, who are not the subscribers of both the SLI and GIS, are advised to remit the premium of GPAI scheme themselves at any of the treasuries in Kerala State after the commencement of their SLI and GIS policies. The premium of GPAIS in the treasury should be remitted on or before 31.12.2021 and submit the chalan at Finance Computer Cell on or before 01-01-2022.
6. Those employees/teachers who have not submitted the nomination so far, should submit the nomination in the prescribed form (attached herewith) to the Finance Computer Cell on or before 31.12.2021.
7. The Employees/teachers whose salary are not released for the month of November 2021 due to LWA, deputation, any other leave or by any reason or not the subscribers of SLI and GIS, have to remit the premium amount Rs.500/- directly in any of the treasuries in Kerala under the head of account '8658-102-88-suspense account-GPAI Fund' on or before 31.12.2021,and GST amount Rs.90/- (18% of the premium amount) to Calicut University Fund and produce the original chalan receipts to the Finance Computer Cell on or before 01.01.2022.

**Jugal Kishor K**
Finance Officer

"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് – ജീവനക്കാര്യം - ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി-2022 വർഷത്തേക്കുള്ള പദ്ധതി പുതുക്കൽ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ് -ഡി) വകുപ്പ്**

**സ.ഉ (അച്ചടി) നം.153/2021/ധന** **തീയതി, തിരുവനന്തപുരം, 23/11/2021**

പരാമർശം:- 1) 23/11/2010 ലെ സ.ഉ(പി) നമ്പർ 616/2010/ധന

2) 04/11/2011 ലെ സ.ഉ(പി) നമ്പർ 504/2011/ധന

3) 03/11/2012 ലെ സ.ഉ(പി) നമ്പർ 606/2012/ധന

4) 17/04/2013 ലെ സ.ഉ(പി) നമ്പർ 176/2013/ധന

5) 19/10/2013 ലെ സർക്കുലർ നം 79/എസ്റ്റാ-ഡി2/2013/ധന

6) 13/11/2013 ലെ സ.ഉ(പി) നമ്പർ 555/2013/ധന

7) 17/11/2014 ലെ സ.ഉ(പി) നമ്പർ 507/2014/ധന

8) 19/11/2015 ലെ സ.ഉ(പി) നമ്പർ 526/2015/ധന

9) 30/09/2016 ലെ സ.ഉ(പി) നമ്പർ 144/2016/ധന

10) 21/10/2017 ലെ സ.ഉ(പി) നമ്പർ 133/2017/ധന

11) 12/11/2018 ലെ സ.ഉ(പി) നമ്പർ 175/2018/ധന

12) 30/05/2019 ലെ സർക്കുലർ നം 57/2019/ധന

13) 24/02/2019 ലെ സ.ഉ(പി) നമ്പർ 21/2019/ധന

14) 18/11/2019 ലെ സ.ഉ(പി) നമ്പർ 159/2019/ധന

15) 05/11/2020 ലെ സ.ഉ (പി) നം. 150/2020/ധന

16) 10/02/2021 ലെ സ.ഉ(പി) 26/2021/ധന

17) 26/07/2021-ലെ സ.ഉ(പി) 106/2021/ധന

18) 18/10/2021 തീയതിയിലെ ഇൻഷ്വറൻസ് ഡയറക്ടറുടെ ഇൻഷ്വ/ജി.പി.എ.ഐ.എസ്/എം.3/റ്റി 002108079 നമ്പർ കത്ത്

**ഉത്തരവ്**

ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി (ജി.പി.എ.ഐ.എസ്) പരാമർശം 1 ഉത്തരവ് പ്രകാരം കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന 2011 വർഷം നടപ്പിലാക്കിയിട്ടുള്ളതും, സംസ്ഥാനത്തെ പാർട്ട് ടൈം കണ്ടിജന്റ് എംപ്ലോയീസ് ഉൾപ്പെടുന്ന

സർക്കാർ ജീവനക്കാർ, അദ്ധ്യാപകർ, എയ്ഡഡ് സ്കൂൾ/കോളേജ് സ്ഥാപനങ്ങളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ, പഞ്ചായത്ത് മുൻസിപ്പൽ കോമൺ സർവ്വീസ് എന്നിവിടങ്ങളിലെ ജീവനക്കാർ, മുൻസിപ്പൽ കോമൺ സർവ്വീസിലെ കണ്ടിജന്റ് ജീവനക്കാർ, സർവ്വകലാശാല ജീവനക്കാർ, എസ്.എൽ.ആർ വിഭാഗം ജീവനക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ/സഹകരണ സ്ഥാപനങ്ങൾ/സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ജീവനക്കാർക്കെല്ലാം ബാധകമാക്കിയിട്ടുള്ളതുമാണ്. പരാമർശം 15 പ്രകാരം ടി പദ്ധതി 2021 വർഷത്തേക്ക് ദീർഘിപ്പിച്ച് ഉത്തരവായിരുന്നു. സർക്കാർ ജീവനക്കാർ 500/-രൂപ, സ്വയം ഭരണ സ്ഥാപനങ്ങളായ സർവ്വകലാശാല/പൊതുമേഖലാ/സഹകരണസ്ഥാപനങ്ങളിലെ ജീവനക്കാർ / എസ്.എൽ.ആർ വിഭാഗം ജീവനക്കാർ 500 രൂപ +GST, കെ.എസ്.ആർ.ടി.സി ജീവനക്കാർ 600/- രൂപ + GST,കെ.എസ്.ഇ.ബി ജീവനക്കാർ 850/-രൂപ + GST എന്ന ക്രമത്തിലാണ് വാർഷിക പ്രീമിയം തുക അടച്ചുവരുന്നത്. ജി.എസ്.റ്റി ബാധകമായിട്ടുള്ള സ്ഥാപനങ്ങൾ ആയത് നേരിട്ട് ഒടുക്കു വരുത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. വാഗ്ദത്ത തുക 10 ലക്ഷം രൂപ ആയിരുന്നു. കൂടാതെ സംസ്ഥാനത്തെ ഇൻഡ്യാ റിസർവ് ബറ്റാലിയൻ കമാൻഡോകൾക്കും, കോസ്റ്റൽ പോലീസ് ജീവനക്കാർക്കും കമാൻഡോ ഓപ്പറേഷൻ /ഡ്യൂട്ടിക്കിടയിൽ സംഭവിക്കുന്ന അപകടമരണങ്ങൾക്ക് പ്രത്യേക ഇൻഷ്വറൻസ് പരിരക്ഷ അനുവദിച്ച് കൊണ്ട് പരാമർശം 13,14,15,16,17 എന്നിവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിൻ പ്രകാരം പ്രസ്തുത വിഭാഗം ജീവനക്കാർക്ക് വാർഷിക പ്രീമിയം 800/- രൂപയായും, കമാൻഡോ ഓപ്പറേഷൻ /ഡ്യൂട്ടിക്കിടയിൽ അപകടമരണം സംഭവിച്ചാൽ വാഗ്ദത്ത തുക 20 ലക്ഷം രൂപയായും മറ്റ് രീതിയിൽ സംഭവിക്കുന്ന അപകടങ്ങൾക്ക് വാഗ്ദത്ത തുക 10 ലക്ഷം രൂപയായും നിജപ്പെടുത്തിയിരുന്നു.

മേൽപ്പറഞ്ഞ പദ്ധതിയുടെ കാലാവധി 31/12/2021 -ന് അവസാനിക്കുന്ന സാഹചര്യത്തിൽ, ടി പദ്ധതി 01/01/2022 മുതൽ 31/12/2022 വരെ ആവശ്യമായ ഭേദഗതികളോടുകൂടി ദീർഘിപ്പിക്കുന്നതിനും പുതുക്കി നടപ്പാക്കുന്നതിനുമായി പരാമർശം 18 പ്രകാരം കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടർ ശിപാർശ സമർപ്പിച്ചിരിക്കുന്നു. കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടറുടെ ശിപാർശ സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള വ്യവസ്ഥകളോടെ ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി(ജി.പി.എ.ഐ.എസ്) 01/01/2022 മുതൽ 31/12/2022 വരെ പുതുക്കി നടപ്പാക്കുന്നതിന് ഉത്തരവാകുന്നു.

i) നിലവിലുള്ള പ്രീമിയം നിരക്കിൽ വാഗ്ദത്ത തുക 10 ലക്ഷമായി തുടരുന്നതാണ്.

ii) ഇൻഡ്യാ റിസർവ് ബറ്റാലിയൻ കമാൻഡോകൾ/വനിതാ കമാൻഡോകൾ/ കോസ്റ്റൽ പോലീസ് എന്നീ വിഭാഗം ജീവനക്കാർക്ക് കമാൻഡോ ഓപ്പറേഷൻ/ ഡ്യൂട്ടിക്കിടയിൽ സംഭവിക്കുന്ന അപകടമരണങ്ങൾക്ക് പ്രീമിയം തുക 800/- രൂപക്ക് വാഗ്ദത്ത തുക 20 ലക്ഷം രൂപയായും, മറ്റ് രീതിയിൽ സംഭവിക്കുന്ന അപകടമരണങ്ങൾക്ക് വാഗ്ദത്ത തുക 10 ലക്ഷം രൂപയായും തുടരുന്നതാണ്.

iii) ജി.പി.എ.ഐ.എസ് പദ്ധതിയിൽ അംഗത്വം ലഭ്യമാകുന്നതിന് കെ.എസ്.ഇ.ബി, കെ.എസ്.ആർ.ടി.സി എന്നിവ ഉൾപ്പെടെയുള്ള പൊതുമേഖല സ്ഥാപനങ്ങൾ, കോ ഓപ്പറേറ്റീവ് സൊസൈറ്റി, എയ്ഡഡ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ജീവനക്കാർ പരാമർശം 5,12 എന്നീ സർക്കുലറുകളിലെ നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്. ടി ജീവനക്കാർ എസ്.എൽ.ഐ, ജി.ഐ.എസ് പദ്ധതികളിൽ അംഗത്വം നേടിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ട ചുമതല ബന്ധപ്പെട്ട ഡി.ഡി.ഒ മാരിൽ നിക്ഷിപ്തമാണ്. എന്നാൽ SLR വിഭാഗം ജീവനക്കാർക്കും, സർക്കാർ സർവ്വീസിലുള്ള പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർക്കും എസ്.എൽ.ഐ,

ജി.ഐ.എസ് ബാധകമല്ലെങ്കിലും ജി.പി.എ.ഐ.എസ് അംഗത്വത്തിന് അർഹതയുണ്ടായിരിക്കും

iv) 2022 വർഷത്തേയ്ക്കുള്ള വാർഷികപ്രീമിയം ഡ്രായിംഗ് ആൻഡ് ഡിസ്ബഴ്സിംഗ് ഓഫീസർ അല്ലെങ്കിൽ ശമ്പള വിതരണ ഉദ്യോഗസ്ഥൻ 2021 നവംബർ മാസത്തിലെ ശമ്പളത്തിൽ നിന്നും കിഴിവ് നടത്തി 31/12/2021 -നകം "8658-102-88-suspense account – GPAI Fund" എന്ന ശീർഷകത്തിൽ ട്രഷറിയിൽ അടയ്ക്കേണ്ടതാണ്. അന്യത്ര സേവനത്തിലുള്ളവർ, ശൂന്യവേതനാവധിയിലുള്ളവർ, സസ്പെൻഷനിലുള്ളവർ, മറ്റെന്തെങ്കിലും കാരണവശാൽ ശമ്പളം ലഭിക്കാത്തവർ എന്നീ വിഭാഗം ജീവനക്കാർ 2022 വർഷത്തേയ്ക്കുള്ള വാർഷികപ്രീമിയം 31/12/2021 -നകം നേരിട്ട് ട്രഷറിയിൽ അടയ്ക്കേണ്ടതാണ്.

v) ജി.പി.എ.ഐ.എസ് പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെ മറ്റെല്ലാ വ്യവസ്ഥകളും മാറ്റമില്ലാതെ തുടരുന്നതാണ്.

എല്ലാ വകുപ്പ് മേധാവികളും, ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിങ് ഓഫീസർമാരും ഈ പദ്ധതി സംബന്ധിച്ച് ജീവനക്കാരുടെ ഇടയിൽ പ്രചാരണം നൽകേണ്ടതും, ഈ സർക്കാർ ഉത്തരവ് അവരുടെ വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിക്കേണ്ടതും ഓഫീസിലെ നോട്ടീസ് ബോർഡിൽ പതിക്കേണ്ടതുമാണ്. ശൂന്യവേതനാവധിയിലുള്ളവർ, അന്യത്ര സേവനത്തിലുള്ളവർ, മറ്റ് ഏതെങ്കിലും രീതിയിൽ അവധിയിലുള്ളവർ, പേസ്ലിപ്പ് ലഭിക്കാത്ത കാരണത്താൽ ശമ്പളം ലഭിക്കാത്തവർ, മറ്റെന്തെങ്കിലും കാരണത്താൽ ശമ്പളം ലഭിക്കാത്തവർ എന്നീ ജീവനക്കാർ ഒഴികെയുള്ള മറ്റ് ജീവനക്കാരെ ഈ പദ്ധതിയിൽ ഉൾപ്പെടുത്താതിരിക്കുകയും, ഉൾപ്പെടുത്തിയവരുടെ ഇൻഷ്വറൻസ് പുതുക്കാതിരിക്കുകയും ചെയ്യുന്നതുമൂലം ഭാവിയിൽ ഉണ്ടാകാവുന്ന ബാദ്ധ്യത ഡ്രോയിംഗ് ആന്റ് ഡിസ്ബേർസിങ്ങ് ഉദ്യോഗസ്ഥർ/ചെക്ക് ഇഷ്യൂയിംഗ് ഉദ്യോഗസ്ഥർ എന്നിവരുടെ മേൽ വ്യക്തിപരമായി നിക്ഷിപ്തമാണ്.

എന്തെങ്കിലും തർക്കമുണ്ടാകുന്ന പക്ഷം 1938 ലെ ഇൻഷുറൻസ് ആക്ടിൽ പരാമർശിച്ചിരിക്കുന്ന ചട്ടങ്ങൾ നിലനിൽക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സഞ്ജയ്.എം.കൗൾ**

**ധനകാര്യ എക്സ്പെൻഡീച്ചർ സെക്രട്ടറി**

പകർപ്പ്

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരളം, തിരുവനന്തപുരം

എല്ലാ വകുപ്പ് തലവൻമാർക്കും, ഓഫീസർമാർക്കും

എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെ തലവൻമാർക്കും

എല്ലാ സഹകരണ സ്ഥപനങ്ങളുടെയും തലവൻമാർക്കും

എല്ലാ സ്വയം ഭരണ സ്ഥപനങ്ങളുടെയും മറ്റു അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെയും തലവൻമാർക്കും

സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും.

വ്യവസായ വകുപ്പ് (അവരുടെ അധികാര പരിധിയിൽ വരുന്ന അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, എന്നിവിടങ്ങളിൽ ഈ ഉത്തരവ് സംബന്ധിച്ച് വ്യാപക പ്രചാരണം നൽകേണ്ടതാണ്)

ഇൻഷുറൻസ് ഡയറക്ടർ, തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.
രജിസ്ട്രാർ, ബഹു.കേരള ഹൈക്കോടതി, എറണാകുളം.
എല്ലാ യൂണിവേഴ്സിറ്റികളുടെയും രജിസ്ട്രാർമാർക്ക്.
രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം.
രജിസ്ട്രാർ, സഹകരണ സംഘം സൊസൈറ്റികൾ, തിരുവനന്തപുരം.(എല്ലാ സഹകരണ സ്ഥാപനങ്ങളും ഈ ഉത്തരവ് സംബന്ധിച്ച് വ്യാപക പ്രചാരണം നൽകേണ്ടതാണ്.)
സെക്രട്ടറി, ഓംബുഡ്സ്മാൻ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം.
സർക്കാരിന്റെ എല്ലാ പ്രിൻസിപ്പൽ സെക്രട്ടറിമാർ/സെക്രട്ടറിമാർ/സ്പെഷ്യൽ സെക്രട്ടറിമാർ/അഡീഷണൽ സെക്രട്ടറിമാർ/ജോയിന്റ് സെക്രട്ടറിമാർ/ഡെപ്യൂട്ടി സെക്രട്ടറിമാർ/അണ്ടർ സെക്രട്ടറിമാർ എന്നിവർക്കും..
നിയമസഭാ സ്പീക്കറുടെയും, ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിമാർ.
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി.
സെക്രട്ടറി, മനുഷ്യവകാശ കമ്മീഷൻ, തിരുവനന്തപുരം.
മുഖ്യമന്ത്രിയുടെയും, മറ്റു മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർ
പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി.
ചെയർമാൻ, ഭരണപരിഷ്കാര കമ്മീഷൻ.
മുഖ്യതിരഞ്ഞെടുപ്പ് കമ്മീഷണർ, കേരളം, തിരുവനന്തപുരം.
സംസ്ഥാന മുഖ്യ വിവരാവകാശ കമ്മീഷണർ.
സ്പാർക്ക്, 1st ഫ്ലോർ, ഡി.പി.സി ബിൽഡിംഗ്, കേരള യൂണിവേഴ്സിറ്റി ക്യാമ്പസ്, പാളയം, തിരുവനന്തപുരം-695034
വെബ്&ന്യൂ മീഡിയ, പബ്ലിക് റിലേഷൻ വകുപ്പ്.
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.(E.1895032)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

File Ref.No.203785/AD-K-ASST-3/2015/Admn

**UNIVERSITY OF CALICUT**


**Abstract**

ഭരണ വിഭാഗം-ജീവനക്കാര്യം- ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി (ജി.പി.എ.ഐ.എസ്) 01.01.2022 മുതൽ 31.12.2022 വരെ പുതുക്കി നടപ്പാക്കുന്നത് സംബന്ധിച്ച കേരള സർക്കാർ ഉത്തരവ് (23.11.2021 തീയ്യതിയിലെ സർക്കാർ ഉത്തരവ് (അച്ചടി)നം.153/2021/ധന) സർവ്വകലാശാലയിൽ നടപ്പിലാക്കി ഉത്തരവാകുന്നു.


---

**Ad.-K**

U.O.No. 18793/2021/Admn — Dated, Calicut University.P.O, 29.11.2021

---

*Read:*-1) 26.11.2020 തിയതിയിലെ 11524/2020/Admn., നമ്പർ സർവ്വകലാശാലാ ഉത്തരവ്.
2) 23.11.2021 തീയ്യതിയിലെ കേരള സർക്കാർ ഉത്തരവ് [സ.ഉ.(അച്ചടി)നം.153/2021/ധന].
3) 26.11. 2021 തിയതിയിലെ വൈസ് ചാൻസലറുടെ ഉത്തരവ്.

**ORDER**

സൂചന (1) പ്രകാരം ഗ്രൂപ്പ് പേഴ്സണൽ അക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി (ജി.പി.ഐ.എസ്.), 01.01.2021 മുതൽ 31.12.2021 വരെ പുതുക്കിക്കൊണ്ടുള്ള 05.11.2020 തീയതിയിലെ G.O. (P.)150/2020/Fin., നമ്പർ സർക്കാർ ഉത്തരവ് സർവ്വകലാശാലയിൽ നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

സൂചന (2) പ്രകാരം ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി (ജി.പി.എ.ഐ.എസ്)പദ്ധതിയുടെ കാലാവധി 31.12.2021ന് അവസാനിക്കുന്ന സാഹചര്യത്തിൽ ടി പദ്ധതി 01.01.2022 മുതൽ 31.12.2022 വരെ നിലവിലുള്ള വ്യവസ്ഥകളോടെ പുതുക്കിക്കൊണ്ട് നടപ്പിലാക്കുന്നതിന് കേരള സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ പ്രധാന വ്യവസ്ഥകൾ താഴെ പറയുന്നത് പ്രകാരമാണ്.

- സർക്കാർ ജീവനക്കർ 500/- രൂപ, സ്വയം ഭരണ സ്ഥാപനങ്ങളായ സർവ്വകലാശാല/പൊതു മേഖലാ /സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർ/എസ്.എൽ.ആർ. വിഭാഗം ജീവനക്കാർ 500/- രൂപ + GST, കെ.എസ്.ആർ.ടി.സി ജീവനക്കാർ 600/-രൂപ + GST കെ.എസ്.ഇ.ബി. ജീവനക്കാർ 850/രൂപ + GST എന്ന ക്രമത്തിലാണ് വാർഷിക പ്രീമിയം തുക അടച്ച് വരുന്നത്. ജി.എസ്.ടി ബാധകമായിട്ടുള്ള സ്ഥാപനങ്ങൾ ആയത് നേരിട്ട് ഒടുക്ക് വരുത്തേണ്ടതാണ്.
- നിലവിലുള്ള പ്രീമിയം നിരക്കിൽ വാഗ്ദത്ത തുക 10 ലക്ഷമായി തുടരുന്നതാണ്.
- 2022 വർഷത്തേക്കുള്ള വാർഷികപ്രീമിയം ഡ്രോയിങ്ങ് ആൻഡ് ഡിസ്ബേഴ്സ്മെന്റ് ഓഫീസർ അല്ലെങ്കിൽ ശമ്പള വിതരണ ഉദ്യോഗസ്ഥൻ 2021 നവംബർ മാസത്തിലെ ശമ്പളത്തിൽ നിന്നും കിഴിവ് നടത്തി 31.12.2021-നകം "8658-102-88--suspence account-GPAI Fund" എന്ന ശീർഷകത്തിൽ ട്രഷറിയിൽ അടയ്ക്കേണ്ടതാണ്. അന്യത്ര സേവനത്തിലുള്ളവർ, ശൂന്യവേതനാവധിയിലുള്ളവർ എന്നീ വിഭാഗം ജീവനക്കാർ 2022 വർഷത്തേക്കുള്ള വാർഷികപ്രീമിയം 31.12.2021 നകം ട്രഷറിയിൽ അടയ്ക്കേണ്ടതാണ്.
- ജി.പി.എ.ഐ.എസ് പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെ മറ്റെല്ലാ മറ്റെല്ലാ വ്യവസ്ഥകളും മാറ്റമില്ലാതെ തുടരുന്നതാണ്.
- എല്ലാ വകുപ്പ് മേധാവികളും ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സ്മെന്റ് ഓഫീസർമാരും ഈ പദ്ധതി സംബന്ധിച്ച് ജീവനക്കാരുടെ ഇടയിൽ പ്രചരണം നൽകേണ്ടതും, ഈ സർക്കാർ ഉത്തരവ് അവരുടെ വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിക്കേണ്ടതും ഓഫീസിലെ നോട്ടീസ് ബോർഡിൽ പതിക്കേണ്ടതുമാണ്. ശൂന്യ വേതനവധിയിലുള്ളവർ, അന്യത്ര സേവനത്തിലുള്ളവർ, മറ്റ് ഏതെങ്കിലും രീതിയിൽ അവധിയിലുള്ളവർ, പേസ്ലിപ്പ് ലഭിക്കാത്ത കാരണത്താൽ ശമ്പളം ലഭിക്കാത്തവർ എന്നീ ജീവനക്കാർ ഒഴികെയുള്ള മറ്റ് ജീവനക്കാരെ ഈ പദ്ധതിയിൽ ഉൾപ്പെടുത്താതിരിക്കുകയും ഉൾപ്പെടുത്തിയവരുടെ ഇൻഷ്വറൻസ് പുതുക്കാതിരിക്കുകയും ചെയ്യുന്നതുമൂലം ഭാവിയിൽ ഉണ്ടാകുന്ന ബാദ്ധ്യത ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിങ്ങ് ഉദ്യോഗസ്ഥർ/ചെക്ക് ഇഷ്യൂയിങ്ങ് ഉദ്യോഗസ്ഥർ എന്നിവരുടെ മേൽ വ്യക്തിപരമായി നിക്ഷിപ്തമാണ്.

- ഏതെങ്കിലും തർക്കമുണ്ടാകുന്ന പക്ഷം 1938 ലെ ഇൻഷൂറൻസ് ആക്ടിൽ പരാമർശിച്ചിരിക്കുന്ന ചട്ടങ്ങൾ നില നിൽക്കുന്നതാണ്.

സൂചന (3) പ്രകാരം സൂചന (2) സർക്കാർ ഉത്തരവ് സർവകലാശാലയിൽ നടപ്പിൽ വരുത്തുന്നതിന് വൈസ് ചാൻസലർ അനുമതി നൽകിയിട്ടുണ്ട്.

ആയതിനാൽ ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷൂറൻസ് പദ്ധതി (ജി.പി.എ.ഐ.എസ്) 01.01.2022 മുതൽ 31.12.2022 വരെ പുതുക്കി നടപ്പാക്കുന്നത് സംബന്ധിച്ച കേരള സർക്കാർ ഉത്തരവ് (23.11.2021 തീയ്യതിയിലെ സർക്കാർ ഉത്തരവ് (അച്ചടി)നം.153/2021/ധന) സർവകലാശാലയിൽ നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

(23.11.2021 തീയ്യതിയിലെ സർക്കാർ ഉത്തരവ് (അച്ചടി)നം.153/2021/ധന. ഉൾച്ചേർത്തിരിക്കുന്നു)

Jyothi Kumar C

Joint Registrar

To

എല്ലാ ബ്രാഞ്ച് തലവൻമാരും/ വകുപ്പ് മേധാവികളും
വൈസ് ചാൻസിലറുടേ പേഴ്സണൽ സെക്രട്ടറി / രജിസ്ട്രാർ, പിവിസി, പരീക്ഷാ കൺട്രോളർ, ഫിനാൻസ് ഓഫീസർ എന്നിവരുടെ പേഴ്സണൽ അസിസ്റ്റന്റ്, ജോയിന്റ് ഡയറക്ടർ,സംസ്ഥാന ഓഡിറ്റ് വകുപ്പ്.

Forwarded / By Order

Section Officer

**KERALA STATE INSURANCE DEPARTMENT**

## GROUP PERSONAL ACCIDENT INSURANCE SCHEME

FORM I

*See* Section 9(1)

Name of Employee : ................................................................................................................................................ PEN/KSID ID ..............................................
Designation : ...................................................................................................................................
Office : ..................................................................................................................................................................................................................

To *

.....................................................................................................................................................................

I do hereby inform the ......................................................................................................................... (Designation of Head of Office) that the person(s) mentioned hereunder shall be my Nominee(s) and that the benefits due to me under the Personal Accident Insurance Scheme to Government Employees and Teachers shall be given to them in the following proportions (in the event of my death or incapacitated to receive the benefit).

| *Sl. No.* | *Name of Nominee* | *Age* | *Address* | *Relationship with the member* | *Proportion of benefits to be given* | *Contingency under which the nomination becomes ineffective* | *Person whom the amount is to be given if the nominee is a minor* |
|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| | | | | | | | |

Place :
Date :

Countersigned :
Head of Office/Head of District Office

Signature :
Name of Employee :

*Officer of the Insured mentioned in Section 5

നമ്പർ. 51580/FIN-D2/2016/Fin

തീയതി: 25.11.2019

**സർക്കുലർ**

വിഷയം:- വിഷയം - സർക്കാർ, അർദ്ധസർക്കാർ പൊതുമേഖല മുതലായ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് എസ്.എൽ.ഐ / ജി ഐ എസ്സ്പദ്ധതി നിർബന്ധമാക്കിയ സർക്കാർ സർക്കുലർ - സംബന്ധിച്ച്

സൂചന :- 1) 30.05.2019 തിയ്യതിയിലെ 57/2019/ ധന നമ്പർ സർക്കാർ സർക്കുലർ .
2) നം. ഇൻഷ്യൂ/ജി.പി.എ.ഐ.എസ്/ എം 5/ റ്റി 001905297 തിയ്യതി 26.10. 2019.

സൂചന പ്രകാരം , സർക്കാർ അർദ്ധസർക്കാർ , സർവ്വകലാശാലകൾ ,ബോർഡുകൾ ,പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയിലെ 50 വയസ്സ് വരെ പ്രായമുള്ള ജീവനക്കാർ , 2020 ജനുവരി മുതൽ ജി പി ഐ സ് പദ്ധതിയിൽ അവരെ ഉൾപ്പെടുത്തുന്നതിന് മുമ്പായി എസ് എൽ ഐ /ജി ഐ എസ് പദ്ധതിയിൽ അംഗത്വമെടുക്കേണ്ടതാണെന്നു സർക്കാർ നിർദ്ദേശിക്കുന്നു .
ആയതിനാൽ , എസ് എൽ ഐ /ജി ഐ സ് പദ്ധതിയിൽ ഇതുവരെയും അംഗത്വമെടുത്തിട്ടില്ലാത്ത 50 വയസ്സ് വരെ പ്രായമുള്ള സർവകലാശാലാ ജീവനക്കാർ, 2020 ജനുവരി മുതൽ ജി പി ഐ സ് പദ്ധതിയിൽ അവരെ ഉൾപ്പെടുത്തുന്നതിന് മുമ്പായി എസ് എൽ ഐ /ജി ഐ എസ് പദ്ധതിയിൽ അംഗത്വമെടുക്കേണ്ടതാണെന്നു ഇതിനാൽ അറിയിക്കുന്നു .
എല്ലാ വകുപ്പ് മേധാവികളും ഈ നിർദ്ദേശം തങ്ങളുടെ കീഴിലെ ഉദ്യോഗസ്ഥരെ അറിയിക്കേണ്ടതാണ് .

സൂചന സർക്കാർ സർക്കുലർ ഇതോടൊപ്പം അടക്കം ചെയ്യുന്നു .

**മോഹൻ കൃഷ്ണൻ കെ.പി .**
ഫിനാൻസ് ഓഫീസർ

സ്വീകർത്താവ്

എല്ലാ ഉദ്യോഗസ്ഥൻമാർക്കും / ബ്രാഞ്ച് - വകുപ്പ് തലവൻമാർക്കും /
സെക്യൂരിറ്റി ഓഫീസർ/ ഫിൻ കമ്പ്യൂട്ടർ സെൽ/ കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Section Officer

ഭരണഭാഷ- മാതൃഭാഷ

കേരള സർക്കാർ

04 JUN 2019

ധനകാര്യ(എസ്റ്റാബ്ലിഷ്മെന്റ്-ഡി) വകുപ്പ്

# സർക്കുലർ

നം.57/2019/ധന

തീയതി, തിരുവനന്തപുരം, 30/05/2019

വിഷയം:- ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി - 2019, കോ-ഓപ്പറേറ്റീവ് സൊസൈറ്റി, എയ്ഡഡ് സ്ഥാപനങ്ങൾ, പൊതുമേഖല സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ജീവനക്കാർ എസ്.എൽ.ഐ, ജി.ഐ.എസ് പദ്ധതികളിൽ അംഗത്വം എടുത്തിരിക്കണമെന്നത് സംബന്ധിച്ച് -നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:- 1. 12/01/2004 തീയതിയിലെ സ.ഉ(അച്ചടി) നം.25/2004/ധന

2. 12/01/2004 തീയതിയിലെ സ.ഉ (അച്ചടി) നം 26/2004/ധന.

3.19/10/2013 തീയതിയിലെ 79/എസ്റ്റാ - ഡി 2/2013/ധന നമ്പർ പരിപത്രം

സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകൾ സ്വകാര്യ കോളേജുകൾ, സർവ്വകലാശാലകൾ, നഗരകോർപ്പറേഷനുകൾ, നഗരസഭകൾ സർക്കാരിന്റെ ഉടമസ്ഥതയിലുള്ള ബോർഡുകൾ/ സഹകരണസ്ഥാപനങ്ങൾ മറ്റ് പൊതുമേഖല സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ എല്ലാ ജീവനക്കാരും, കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ എസ്.എൽ.ഐ, ജി.ഐ.എസ് പദ്ധതികളിൽ അംഗമാകാൻ യഥാക്രമം സൂചന 1, 2 എന്നിവ പ്രകാരം നിർദ്ദേശം നൽകിയിരുന്നു. ഇതിനു പുറമെ സർക്കാരിനു ഗണ്യമായ സാമ്പത്തിക താത്പര്യമുള്ള പൊതുമേഖലാസ്ഥാപനങ്ങളുടെ ഇൻഷ്വറൻസ് ഇടപാടുകൾ കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന നടത്തണമെന്ന് നിരവധി സർക്കുലർ നിർദ്ദേശങ്ങൾ നിലവിലുണ്ടായിരുന്നിട്ടും കേരള സംസ്ഥാന വൈദ്യുതി ബോർഡ് ഉൾപ്പടെയുള്ള വിവിധ പൊതുമേഖലാസ്ഥാപനങ്ങളിലെ ജീവനക്കാർ എസ്.എൽ.ഐ, ജി.ഐ.എസ് പദ്ധതികളിൽ അംഗത്വം എടുക്കുവാൻ വിമുഖത കാട്ടുന്നു എന്നും എന്നാൽ ഇൻഷ്വറൻസ് വകുപ്പിന്റെ ജി.പി.എ.ഐ.എസ് പദ്ധതിയിൽ അംഗത്വം കൂടുതലായി എടുത്തുവരുന്നു എന്നും ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന്, ജി.പി.എ.ഐ.എസ് അംഗത്വം ലഭിക്കുന്നതിന് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, എയ്ഡഡ് സ്ഥാപനങ്ങൾ, പൊതുമേഖല സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ജീവനക്കാർ എസ്.എൽ.ഐ, ജി.ഐ.എസ് പദ്ധതികളിൽ നിർബന്ധിതമായും അംഗത്വം നേടിയിരിക്കണമെന്ന് സൂചന 3-ലെ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിരുന്നു. എന്നാൽ പ്രസ്തുത സർക്കുലർ നിർദ്ദേശം നടപ്പാക്കാതെ, മേൽപ്പടി പറഞ്ഞ ഭൂരിഭാഗം സ്ഥാപനങ്ങളിലേയും

ജീവനക്കാർ എസ്.എൽ.ഐ, ജി.ഐ.എസ് പദ്ധതികളിൽ അംഗത്വം എടുക്കാതെ തന്നെ ജി.പി.എ.ഐ പദ്ധതിയിൽ എൻറോൾ ചെയ്തു വരുന്നു എന്നതും ആയത് ഓഡിറ്റ് തടസ്സവാദങ്ങൾക്ക് ഇടവരുത്തുന്നുണ്ട് എന്നും വീണ്ടും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ക്ലെയിം ഉണ്ടാകുമ്പോൾ വകുപ്പ് ആയത് കൂടി പരിശോധിച്ച് ഉറപ്പ് വരുത്തി ക്ലെയിം അനുവദിക്കേണ്ടതാണെന്ന് അക്കൗണ്ടന്റ് ജനറൽ ഓഡിറ്റിൽ പരാമർശിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, സൂചന 3 പ്രകാരമുള്ള പരിപത്രത്തിലെ നിർദ്ദേശത്തിൽ ഇളവ് നൽകി കോ-ഓപ്പറേറ്റീവ് സൊസൈറ്റി, എയ്ഡഡ് സ്ഥാപനങ്ങൾ, പൊതുമേഖല സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ജി.പി.എ.ഐ.എസ് പദ്ധതിയിൽ അംഗങ്ങളായ ജീവനക്കാർക്ക് എസ്.എൽ.ഐ, ജി.ഐ.എസ് പദ്ധതികളിൽ അംഗത്വം നിർബന്ധമായും നേടണമെന്ന വ്യവസ്ഥ 2019 വരെയുള്ള പദ്ധതി കാലയളവിലേക്ക് ഒഴിവാക്കി നൽകുന്നു. എന്നാൽ, 2020 വർഷം മുതൽ ജി.പി.എ.ഐ.എസ് പദ്ധതിയിൽ അംഗത്വം നേടണമെങ്കിൽ മേൽപ്പടി സ്ഥാപനങ്ങളിലെ 50 വയസ്സിനുള്ളിൽ പ്രായമുള്ള എല്ലാ ജീവനക്കാരും നിർബന്ധമായും കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ എസ്.എൽ.ഐ, ജി.ഐ.എസ് പദ്ധതികളിൽ അംഗത്വം നേടിയിരിക്കണമെന്നും ഇതിൽ യാതൊരു ഇളവും നൽകുന്നതല്ലെന്നും കോ-ഓപ്പറേറ്റീവ് സൊസൈറ്റി രജിസ്ട്രാർക്കും, എയിഡഡ് സ്ഥാപനങ്ങളുടെ തലവൻമാർക്കും, എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെയും ചീഫ് എക്സിക്യൂട്ടീവ്/ മാനേജിംഗ് ഡയറക്ടർമാർക്കും കർശന നിർദ്ദേശം നൽകുന്നു. 2020 വർഷം മുതൽ മേൽപ്പടി സ്ഥാപനങ്ങളിലെ ജീവനക്കാരെ ജി.പി.എ.ഐ.എസ് പദ്ധതിയിൽ എൻറോൾ ചെയ്യുന്നതിനുമുമ്പായി ടി ജീവനക്കാർ എസ്.എൽ.ഐ, ജി.ഐ.എസ് പദ്ധതികളിൽ അംഗത്വം നേടിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ട ചുമതല ബന്ധപ്പെട്ട ഡി.ഡി.ഒ. മാരിൽ നിക്ഷിപ്തമായിരിക്കും

ഹെറോൾഡ് സേവ്യർ
അഡീഷണൽ സെക്രട്ടറി(ധനകാര്യം)

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്എസ്എ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർഎസ്എ) കേരള, തിരുവനന്തപുരം
കേരളത്തിലെ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങൾക്കും, യൂണിവേഴ്സിറ്റികൾക്കും, ഗവ:ബോർഡുകൾക്കും/
കോർപ്പറേഷനുകൾക്കും, എയിഡഡ് സ്കൂളുകൾക്കും/പ്രൈവറ്റ് കോളേജുകൾക്കും,
നഗരകോർപ്പറേഷനുകൾക്കും/മുൻസിപ്പാലിറ്റികൾക്കും
സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും
സഹകരണ സ്ഥാപനങ്ങളുടെ രജിസ്ട്രാർ (എല്ലാ സഹകരണ സ്ഥാപനങ്ങളിലും വ്യാപക പ്രചരണം നടത്തുന്നതിന്)
എല്ലാ വകുപ്പ തലവന്മാർക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
ഇൻഷ്വറൻസ് ഡയറക്ടർ, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
രജിസ്ട്രാർ, ഹൈക്കോടതി, എറണാകുളം
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ,
ഡയറക്ടർ, പ്രിന്റിംഗ് തിരുവനന്തപുരം
എല്ലാ സെക്രട്ടറിമാർക്കും- അഡീഷണൽ സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ഡെപ്യൂട്ടി സെക്രട്ടറി & അണ്ടർ സെക്രട്ടറി.
മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറി.
പ്രൈവറ്റ് സെക്രട്ടറി, സ്പീക്കർ, കേരള നിയമസഭ
പ്രൈവറ്റ് സെക്രട്ടറി, പ്രതിപക്ഷനേതാവ്,